വിദ്യാർത്ഥികളുടെ നിരാഹാരസത്യാഗ്രഹം

110 [152] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥി സംഘടനകളുടെ നേതാക്കൾ സെക്രട്ടറിയേറ്റ് ഗേറ്റിൽ എത്രനാൾ ദിവസം നിരാഹാരസത്യാഗ്രഹം നടത്തിയതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണമെന്താണ്;

(സി) എന്തടിസ്ഥാനത്തിലാണ് വിദ്യാർത്ഥികൾ പ്രസ്തുത സത്യാഗ്രഹം നിർത്തിവെച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അവരുടെ ആവശ്യങ്ങൾ അംഗീകരിച്ചുകിട്ടുന്നതിനുവേണ്ടി.

(സി) ഗവൺമെൻറ് നൽകിയ ചുവടെ പറയുന്ന ഉറപ്പുകളുടെ അടിസ്ഥാനത്തിൽ:—

1. സർവകലാശാലകളിലെ പ്രൈവറ്റ് രജിസ്ട്രേഷനെക്കുറിച്ചും അപ്രകാരം രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെക്കുറിച്ചും പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഏകാംഗകമ്മീഷനെ നിയമിക്കാമെന്ന് ഗവൺമെൻറ് സമ്മതിച്ചു.

പ്രൈവറ്റ് രജിസ്ട്രേഷൻ ക്രമേണ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ എന്തൊക്കെ നടപടി സ്വീകരിക്കണമെന്നും അതിനിടയിൽ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ച് എന്തെല്ലാം ചെയ്യണമെന്നും അതിനു വേണ്ടിവരുന്ന സാമ്പത്തികബാദ്ധ്യത എന്തു മാത്രമായിരിക്കുമെന്നും കമ്മീഷൻ അന്വേഷിക്കും. രണ്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷനോട് ആവശ്യപ്പെടുന്നതാണ്.

2. പ്രൈവറ്റ് രജിസ്ട്രേഷനുള്ള ഫീസ് ഏകീകരിക്കണമെന്നു കേരളാ—കോഴിക്കോട് സർവകലാശാലകളോട് ഗവൺമെൻറ് നിർദ്ദേശിക്കാമെന്നും സമ്മതിച്ചു.

3. സാങ്കേതിക വിദ്യാലയങ്ങളുടെയും വിദ്യാർത്ഥികളുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് എത്രയും വേഗം ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുന്നതാണെന്ന് ഉറപ്പു നൽകി.

4. ഹൈസ്ക്കൂൾ സിലബസ് പരിഷ്ക്കരിക്കുന്നതിനുള്ള കമ്മിറ്റിയിൽ ഒരു വിദ്യാർത്ഥി പ്രതിനിധിയെക്കൂടി ഉൾപ്പെടുത്താമെന്ന് സമ്മതിച്ചു.

5. അടുത്തവർഷം കൂടുതൽ കോളേജുകളിൽ ഷിഫ്റ്റ് ഏർപ്പെടുത്താൻ കഴിയുമോ എന്ന കാര്യം ഗവൺമെൻറ് പരിശോധിക്കാമെന്ന് സമ്മതിച്ചു.

6. ഹരിജൻ വിദ്യാർത്ഥികളുടെയും മ്യൂസിക് കോളേജ് വിദ്യാർത്ഥികളുടെയും പ്രശ്നങ്ങളും പരിഹരിക്കാമെന്നും സമ്മതിച്ചു.

LIBRARY ARCHIVES Kerala Legislative Assembly